മത്സ്യബന്ധനം.

* 921. [11] † ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഇപ്പോൾ എത്ര ഇനമുഖങ്ങളിൽ യന്ത്രം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട് ;

(ബി) എത്ര ബോട്ടുകൾ ഇതിലേക്കായി പ്രവർത്തിക്കുന്നുണ്ട് ;

(സി) അഴീക്കോട് ഫിഷിംഗ് ഹാർബറിനോട് അനുബന്ധിച്ചുള്ള ബോട്ടുനിർമ്മാണശാലയുടെ പണി പൂർത്തീകരിക്കുന്നതിന് എത്ര കാലം വേണ്ടിവരും ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 9 ഇനമുഖങ്ങളിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്.

(ബി) ഗവണ്മെന്റിൽനിന്നും ഇൻഡോനാർവീജിയൻ പ്രോജക്റ്റിൽ നിന്നും നൽകപ്പെട്ട 329 ബോട്ടുകൾക്കു പുറമേ ഏകദേശം 500 സ്വകാര്യബോട്ടുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) ഏകദേശം ഒരു വർഷത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഒരു കൊല്ലം ശരാശരി എത്ര യന്ത്രവൽകൃതബോട്ടുകൾ ഗവണ്മെന്റിന് കൊടുക്കാൻ സാധിക്കുമെന്നു പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഏകദേശം പത്തൻപതു ബോട്ടുകൾ ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്. ഈ കൊല്ലംതന്നെ 58 ബോട്ടുകൾ വാങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതനുസരിച്ച് കൊടുക്കാൻ സാധിക്കുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. ഇ. ബലറാം : യന്ത്രവൽകൃതബോട്ടുകൾ ആഴം കുറഞ്ഞ സ്ഥലത്തുനിന്ന് മീൻപിടിക്കുന്നതുകൊണ്ട് സാധാരണ മത്സ്യത്തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടെന്നു കാണിച്ച് തലശ്ശേരി, കണ്ണൂർ മുതലായ സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികളിൽനിന്ന് ഗവണ്മെന്റിലേക്ക് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ കാര്യത്തെപ്പറ്റി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ പല സ്ഥലങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. യന്ത്രവൽകൃതബോട്ടുകൾ കരക്കടുത്തുനിന്നുകൊണ്ട് മത്സ്യബന്ധനം നടത്തുകയാണെങ്കിൽ നാടൻ വള്ളങ്ങളും കമ്പവലകളും ഉപയോഗിച്ച് മത്സ്യം പിടിക്കുന്ന സാധാരണ മത്സ്യത്തൊഴിലാളികൾക്ക് ദോഷമുണ്ടാകുമെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചുരുങ്ങിയതു മൂന്നു നാഴികക്ക് പുറത്തുനിന്നു മാത്രമേ യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ പാടുള്ളൂ എന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം : ഈ അഴീക്കോട് മുഖമെന്നു പറഞ്ഞതു കൊടുങ്ങല്ലൂരിലെയാണോ അതോ മലബാറിലെയാണോ ?

ശ്രീ. കെ. കുഞ്ഞമ്പു : കൊടുങ്ങല്ലൂരിലുള്ള അഴീക്കോട് മുഖം.

† Put by Shri K. K. Viswanathan.

LIBRARY ARCHIVES Kerala Legislative Assembly